Draft #5 of File 83019/ACA9 SO/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 17-Aug-2021 02:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY, KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

PG CSS 2019 - ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ നാലാം സെമസ്റ്റർ വൈവ പരീക്ഷ - മൂല്യനിർ ണ്ണയ ഘടകങ്ങളും വെയ്റ്റേജും നിജപ്പെടുത്തുന്നതിനുള്ള ശുപാർശ - സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം ബഹു: വൈസ് ചാൻസലർ അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 4054/AC A 9/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 17.08.2021

---

*പരാമർശം:*-1) PG CSS 2019 റഗുലേഷൻസ് അനുഛേദം 12.8 g & h

2) 12 ഓഗസ്റ്റ് 2021 ന് കൂടിയ വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷന്മാരുടെ യോഗത്തിന്റെ മിനിറ്റ്സ്

3) മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം 16.08.2021 തീയതിയിൽ ബഹു: വൈസ് ചാൻസലർ നല്കിയ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നടന്നു വരുന്ന ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ബാധകമായ PG CSS 2019 റഗുലേഷൻസിൽ എല്ലാ പ്രോഗ്രാമുകൾക്കും നാലാം സെമസ്റ്ററിൽ വൈവ പരീക്ഷ നടത്തണം എന്ന് പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് . Comprehensive Viva voce - യ്ക്ക് External മൂല്യനിർണ്ണയത്തിന് 15 weightage എന്നും Internal - ന് 5 weightage എന്നും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൈവ പരീക്ഷയ്ക്ക് പരിഗണിക്കേണ്ട ഘടകങ്ങളും അവയുടെ വെയ്റ്റേജും വ്യക്തമാക്കിയിരുന്നില്ല.

വൈവ പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ പരിഗണിക്കേണ്ട ഘടകങ്ങളും അവയ്ക്ക് നൽകേണ്ട വെയ്റ്റേജും ഉൾപ്പെടുത്തി റഗുലേഷൻസിൽ ഭേദഗതി വരുത്തുന്നതിന് പരാമർശം (2) പ്രകാരമുള്ള യോഗത്തിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന ശുപാർശകൾ നൽകിയിരുന്നു.

<u>Comprehensive Viva-voce: Internal (CE)</u>

| Components | Weightage |
|---|---|
| Basic knowledge and presentation skills | 1 |
| Topic of Interest | 1 |
| Knowledge of Core Courses | 3 |
| **Total** | **5** |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 83019/ACA9 SO/2021/AC A 9 Approved by ASSISTANT REGISTRAR III (ACADEMIC) on 17-Aug-2021 02:43 PM - Page 2

Comprehensive Viva-voce: External (ESE)

| Components | Weightage |
|---|---|
| Basic knowledge and presentation skills | 3 |
| Topic of Interest | 3 |
| Knowledge of Core Courses | 9 |
| **Total** | **15** |

വൈവ വോസി പരീക്ഷയ്ക്ക് ഇത്തരത്തിൽ ഘടകങ്ങൾ ഉൾപ്പെടുത്തി റഗുലേഷൻസ് (അനുഛേദം 12.8 g & h) ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ടി ശുപാർശ സർവ്വകലാശാലാ ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10 (17) നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു: വൈസ് ചാൻസലർ പരാമർശം (3) പ്രകാരം അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി സി /പി വി സി എന്നിവരുടെ പി എസ് മാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3) ജെ ആർ II (ഭരണവിഭാഗം) /ഡി ആർ II/എ ആർ III (അക്കാദമിക് വിഭാഗം)
4) ജെ ആർ /ഡി ആർ /എ ആർ (പരീക്ഷാവിഭാഗം)
5) ഇ എച്ച് / ഇ ബി സെക്ഷനുകൾ
5) കണ്ടന്റ് മാനേജ്മെന്റ് / ഐ ക്യൂ എ സി /റെക്കോർഡ്സ് സെക്ഷനുകൾ
6) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File no: 83019/Ac A 9-1/2021/Ac A 9

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം